2009 ഡിസംബർ 19, ശനി

വൈകീട്ട് 5.30 ന്

സാഹിത്യ അക്കാദമി, വൈലോപ്പിള്ളി ഹാൾ, തൃശൂർ.

**ഡോ. ടി.ടി. ശ്രീകുമാർ**

(സിങ്കപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി)

നടത്തുന്ന പ്രഭാഷണം

**നവമാധ്യമങ്ങളും ജനാധിപത്യവും: സിവിൽ സമൂഹ വീക്ഷണം**

# നവമാധ്യമങ്ങളും ജനാധിപത്യവും

സുഹൃത്തെ,

സാമൂഹിക മാധ്യമങ്ങളുടെ ആവിർഭാവം സൃഷ്ടിക്കുന്ന പുതിയ രാഷ്ട്രീയ പരിസരത്തെകുറിച്ചുള്ള ചർച്ചകൾ കേരളത്തിലും സജീവമായിരിക്കുകയാണ്.

സൈബർ സ്പെയ്സിലെ പുതിയ ആൾക്കൂട്ടം ജനാധിപത്യത്തിന്റെ ചില മാനദണ്ഡങ്ങളെ ചോദ്യം ചെയ്യുകയും, പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അശരീരികളുടെ ഉന്മാദം മാത്രമല്ല സൈബർ സ്പെയ്സിൽ നാം കാണുന്നത്. ഇതിന്റെ അദൃശ്യതയ്ക്കപ്പുറത്ത് നമ്മുടെ ജൈവപരമായ അസ്തിത്വത്തിന്റെ ഒട്ടനവധി സന്ദേശങ്ങൾ അവ്യക്തമായും ചിലപ്പോൾ സുസ്പഷ്ടമായും പുതിയ ആൾക്കൂട്ടരാഷ്ട്രീയം പുറത്ത് കൊണ്ടുവരുന്നു. ഭരണകൂടങ്ങളും, സിവിൽ സമൂഹത്തിലെ വ്യവസ്ഥാ വിരുദ്ധരും ഒരുപോലെ കാംക്ഷിക്കുകയും ഭയക്കുകയും ചെയ്യുന്ന ഒരു ഒഴിഞ്ഞ/നിറഞ്ഞ (അ) വാസ്തവിക ലോകം നമ്മുടെ ഭാവനയുടെ വ്യാകരണത്തെ മാറ്റിമറിക്കുന്നുണ്ട്.

പിണറായി വിജയന്റെ അദൃശ്യമാക്കപ്പെട്ട ഭവനം അതിന്റെ വ്യാജചിത്രത്തെ സൃഷ്ടിച്ചത് സൈബർ സ്പയ്സിൽ ആണ്. സൈബർ സ്പെയ്സ് ഒരേ സമയം വ്യാജ നിർമ്മിതികളുടെയും സത്യത്തിനായുള്ള വിധ്വംസകതയുടെയും വേദിയുമാകുന്നു. ഒറ്റവാക്കിലുള്ള ഉത്തരങ്ങളില്ലാത്ത ഒരു ചോദ്യമാണ് നവമാധ്യമങ്ങളും ജനാധിപത്യ പാരമ്പര്യങ്ങളും തമ്മിലുള്ള സംഘർഷം നമ്മുടെ മുമ്പിൽ ഉയർത്തുന്നത്. എന്നാലിത് ഉത്തരങ്ങളില്ലാത്ത അവസ്ഥയല്ല. നിലനിൽക്കുന്ന ധാരണകളെ മനസ്സിലാക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ ഭാവിരാഷ്ട്രീയത്തെ അപഗ്രഥിക്കുന്നതും സൈദ്ധാന്തികമായി മാത്രമല്ല. രാഷ്ട്രീയമായും പ്രാധാന്യമുള്ള പ്രശ്നമാണ്. പുതിയചിന്തകൾ ഈ വഴിക്ക് നീങ്ങുന്നുണ്ട്. നമ്മുടെ ശീലങ്ങളെ വെല്ലുവിളിക്കുന്ന ഈ പുതിയ ദാർശനിക ധാരകളെ രാഷ്ട്രീയത്തെ നേരിടുന്നതിന്റെ ആകാംക്ഷകൾ ഈ പ്രഭാഷണത്തിന്റെ അടിസ്ഥാനമാകുന്നു.

– ശ്രീകുമാർ

# എല്ലാവർക്കും സ്വാഗതം

*സംഘാടനം:*

ജനനീതി, തൃശൂർ – 680651.